**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 170 | 13.06.2019 ൽ മറുപടിയ്ക്ക് |
|---|---|
| **ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കായി ക്ഷേമ പദ്ധതികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ. കെ. ബാബു**<br>**ശ്രീമതി. പി. അയിഷ പോറ്റി,**<br>**ശ്രീ. ബി. സത്യൻ**<br>**,, എം. രാജഗോപാലൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) ഇന്ത്യയിലാദ്യമായി ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കായി പ്രത്യേക നയം നടപ്പിലാക്കിയ സംസ്ഥാനമെന്ന നിലയിൽ ഇവർക്കായി ആവിഷ്കരിച്ചിട്ടുള്ള ക്ഷേമപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കായി ചുവടെപ്പറയുന്ന ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>1. തിരിച്ചറിയൽ കാർഡ് വിതരണം<br>2. സമന്വയ തുടർ വിദ്യാഭ്യാസ പദ്ധതി<br>3. ട്രാൻസ്ജെന്റർ സ്കോളർഷിപ്പ്<br>4.ട്രാൻസ്ജെന്റർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്ന പദ്ധതി.<br>5. സംരംഭകത്വ വികസന പരിശീലന പദ്ധതി<br>6. എച്ച്.ഐ.വി സീറോ സർവൈലൻസ് സെന്റർ<br>7. 24 x 7 ഹെല്പ് ലൈൻ( നം 1800 425 2147 )<br>8. ബ്യൂട്ടീഷൻ പരിശീലന പദ്ധതി<br>9. തയ്യൽ മെഷീൻ വിതരണ പദ്ധതി<br>10. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം<br>11. എസ്.ആർ.എസ് കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.<br>12. വനിതാ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിലിനുള്ള വായ്പ പദ്ധതി.<br>13. ഡ്രൈവിംഗ് പരിശീലനം.<br>14. ട്രാൻസ്ജെന്റർ ദമ്പതികൾക്ക് വിവാഹധനസഹായം നൽകുന്ന പദ്ധതി.<br>15. ബോധവത്കരണ പരിപാടികൾ<br>16. കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോം.<br>17. ട്രാൻസ്ജെന്റർ കലോത്സവം. |

| | |
|---|---|
| | 18. ട്രാൻസ്ജെന്റർ കായികമേള<br>19. അഡ്വാക്കസി ക്യാമ്പയിൻ<br>20. നൈപുണ്യ വികസന പരിശീലന പരിപാടി<br>21. ട്രാൻസ്ജെന്റർ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം.<br>22. പി.എസ്.സി പരീക്ഷയിൽ അപേക്ഷിക്കുന്നതിനായി ട്രാൻസ്ജെൻഡർ കോളം ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി നൽകി.<br>23. ഡ്രൈവിംഗ് ലൈസൻസിനായുള്ള അപേക്ഷാഫോമുകളിൽ ട്രാൻസ്ജെന്റർ കോളം ഉൾപ്പെടുത്തി.<br>24. ട്രാൻസ്ജെന്റർ വ്യക്തികൾക്കായി സൗഹൃദ ടോയിലറ്റുകൾ സ്ഥാപിക്കാൻ അനുമതി നൽകി. |
| ബി) പ്രസ്തുത വിഭാഗക്കാർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിപുലമായ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) ഉണ്ട്. നടപ്പ സാമ്പത്തിക വർഷം 2235-60-200-64(P) ശീർഷകത്തിൽ 450 ലക്ഷം രൂപയും 2235-60-200-92(P) ശീർഷകത്തിൽ 60 വയസ്സിനു മുകളിലുള്ള ട്രാൻസ്ജെന്റർ വ്യക്തികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 500 ലക്ഷം രൂപ ബഡ്ജറ്റിൽ വിലയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ക്ഷേമ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പ്രായോഗികത ഉറപ്പുവരുത്തുന്നതിനുമായി വിപുലമായ കർമ്മ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. മേൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സംസ്ഥാന ജസ്റ്റിസ് ബോർഡ്, ജില്ലാ ജസ്റ്റിസ് ബോർഡുകൾ, ട്രാൻസ്ജെന്റർ സെൽ എന്നിവയുടെ സഹായ സഹകരണങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ ഈ മേഖലയിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ളതും, വിശ്വാസ്യതയുള്ളതുമായ NGO/CBO കളെ ക്ഷേമപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) ഈ വിഭാഗക്കാർക്ക് സ്വയംതൊഴിൽ സംരംഭത്തിന് ധനസഹായം നൽകി വരുന്നുണ്ടോ; വിശദമാക്കുമോ; | സി) ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ഉപജീവനം കണ്ടെത്തുന്നതിനായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50,000/- രൂപ ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഒന്നാം ഘട്ടം എന്ന നിലയിൽ വ്യക്തമായ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ അർഹരായ 62 വ്യക്തികൾക്ക് സ്വയം തൊഴിൽ ധനസഹായ പദ്ധതിയുടെ ഒന്നാം ഗഡു തുക അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തി രണ്ടാം ഗഡു തുക വകുപ്പ് വിതരണം ചെയ്തു വരുന്നു. കൂടാതെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സന്നദ്ധരായ 10 ട്രാൻസ്ജെന്റർ വ്യക്തികൾക്ക് 3 ലക്ഷം രൂപാ വീതം ലോൺ അനുവദിക്കുന്നതിനായി 30 ലക്ഷം രൂപ വനിതാ വികസന കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ടി പദ്ധതി വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| ഡി) ഇവർക്കായുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ട്രാൻസ്ജെൻഡർ സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) ട്രാൻസ്ജെന്റർ വ്യക്തികൾക്കായുള്ള ക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള കേന്ദ്രീകൃത സംവിധാനമെന്ന നിലയിൽ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ട്രാൻസ്ജെന്റർ സെൽ രൂപീകരിക്കുകയും 26/02/2018 മുതൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. ഒരു പ്രോജക്ട് ഓഫീസറും 2 പ്രോജക്ട് അസിസ്റ്റന്റുമാരും, ഒരു ഓഫീസ് അറ്റൻഡന്റും ഉൾപ്പെടെ 4 ട്രാൻസ്ജെന്റർ വിഭാഗത്തിൽ പെട്ട കരാർ ജീവനക്കാരാണ് ട്രാൻസ്ജെന്റർ സെല്ലിൽ പ്രവർത്തിച്ച വരുന്നത്. |

**സെക്ഷൻ ഓഫീസർ**